**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3044** **01-03-2023 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്കെതിരെ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ പ്രവൃത്തികൾ പാതിവഴിയിലാക്കി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കരാറുകാർക്കെതിരെ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കരാറുകാരൻ മതിയായ കാരണങ്ങൾ ഇല്ലാതെ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരിക്കുകയാണെങ്കിൽ പിഴയോടുകൂടി കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ട്. എന്നാൽ ഈ കാലയളവിലും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. SBD, പൊതുമരാമത്ത് മാന്വൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ലൈസൻസ് റദ്ദ് ചെയ്യുക, കരിമ്പട്ടികയിൽ ഉൾപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കാറുണ്ട്.<br><br>ദേശീയപാത വിഭാഗത്തിൽ കരാറുകാരന്റെ വീഴ്ച കൊണ്ടുള്ള കാരണത്താൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ വരുമ്പോൾ MoRTH SBD യിലും, പൊതുമരാമത്ത് വകുപ്പ് മാനുവൽ-ലും പറഞ്ഞിരിക്കുന്ന പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി നീട്ടി നൽകാറുണ്ട്. എന്നിട്ടും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ terminate ചെയ്യുകയും റീ ടെണ്ടർ നടത്തുവാൻ വേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിക്കാറുമുണ്ട്. |
| (ബി) | ഇത്തരത്തിൽ കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്കെതിരെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (ബി) | കുറ്റ്യാടി മണ്ഡലത്തിൽ താഴെ പറയുന്ന കരാറുകാരെ റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ കരാർ അവസാനിപ്പിച്ചിട്ടുണ്ട്.<br><br>1. Construction of foot path and providing road safety measures at Kakkattil town between 50/700 to 51/700 of SH 38 PUKC bypass road - **B. Muhammed Kunji.** |

| | | | |
|---|---|---|---|
| | | | 2. Improvement work to Kuttiady town providing hand rail and foot path SH 38 PUKC road km 43/700 to 44/300 in Kozhikode District Kuttiady Thottilpalam road km 0/000 to 0/300 and Kuttiady Mullankunnu road km 0/000 to 0/350 in Kuttiady LAC. - **Raisudeen. C**.<br><br>3. General- Improvements to Kavil Theekuni Kuttiady road 1/170 to 9/400 Kozhikode District. - **Aji Peter.**<br><br>കാരന്തോട് ഗവ.സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. അനിൽകുമാർ.സി എന്ന കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുവാനും റിസ്ക് & കോസ്റ്റിൽ പ്രവൃത്തി പുന:ക്രമീകരിക്കാനുമുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | ഇത്തരത്തിലുള്ള കരാറുകാരെ വീണ്ടും ടെൻഡറിൽ പങ്കെടുക്കുന്നതിൽ നിന്ന് താൽക്കാലികമായി മാറ്റിനിർത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധനകൾ പ്രകാരം നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്ന കരാറുകാരുടെ ലൈസൻസ് റദ്ദാക്കുകയും കുറഞ്ഞത് 5 വർഷ കാലയളവിലേയ്ക്ക് മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുന്നത് വിലക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ